# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 24<br>February 24 | 2021 |
|---|---|

1196 കുംഭം 12 ബുധൻ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**എഴിക്കാട് കോളനി പൂർത്തീകരണ ഉദ്ഘാടനം ഇന്ന് (25)**

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിടുന്ന വികസന പദ്ധതിയായ അംബേദ്കർ ഗ്രാമവികസന പദ്ധതി 2016-17 പ്രകാരം തെരഞ്ഞെടുത്ത ആറന്മുള നിയോജകമണ്ഡലത്തിലെ എഴിക്കാട് കോളനിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിരിക്കുകയാണ്. സിന്തറ്റിക് വോളിബോൾ & ബാഡ്മിന്റൺ കോർട്ട് ഗാലറി, ഓപ്പൺഎയർ ഓഡിറ്റോറിയം, ലൈബ്രറി & റീഡിംഗ് റൂം എന്നീ പ്രവൃത്തികളാണ് ഏറ്റെടുത്തിരുന്നത്. ഈ പ്രവൃത്തികളുടെ പൂർത്തീകരണ ഉദ്ഘാടനം ഇന്ന് (ഫെബ്രുവരി 25 വ്യാഴം) വൈകിട്ട് നാലിന് പട്ടികജാതി, പട്ടികവർഗ പിന്നാക്ക സമുദായ ക്ഷേമവകുപ്പ് മന്ത്രി എ.കെ.ബാലൻ ഓൺലൈനായി നിർവഹിക്കും. വീണാ ജോർജ് എം.എൽ.എ അധ്യക്ഷത വഹിച്ച് ശിലാഫലകം അനാച്ഛാദനം ചെയ്യും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ, ജില്ലാ കളക്ടർ ഡോ.നരസിംഗുഹാരി തേജ് ലോഹിത് റെഡ്ഡി, ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീജ ടി ജോജി, ജില്ലാ പട്ടികജാതി വികസന ഓഫീസർ ആർ.രഘു, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ജി.എസ്. ബിജി തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 826/21)

**തിരുവല്ല മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2.69 കോടി രൂപ അനുവദിച്ചു**

തിരുവല്ല നിയോജക മണ്ഡലത്തിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2.69 കോടി രൂപ അനുവദിച്ച് ഉത്തരവായതായി മാത്യു ടി. തോമസ് എംഎൽഎ അറിയിച്ചു.

ആനിക്കാട് പഞ്ചായത്തിലെ നൂറോമാവ് -തോട്ടുങ്കൽ - മറ്റിക്കൽ പടി റോഡ് 10 ലക്ഷം, പുറമറ്റം ഡോ. അംബേദ്കർ റോഡ് 10 ലക്ഷം, മല്ലപ്പള്ളി പഞ്ചായത്തിലെ മേപ്പുറത്ത് പടി - നാരകത്താനി- സി എം എസ് എൽ പി സ്കൂൾ ആറു ലക്ഷം, ചേറത്തോട് - പോസ്റ്റ് ഓഫീസ് പടി - പനവേലി കുന്ന് എട്ട്

ലക്ഷം, കുഴിക്കാട്ടിൽ പടി–പനവേലിക്കുന്ന് ഒൻപതു ലക്ഷം, കല്ലൂപ്പാറ പഞ്ചായത്തിലെ കർക്കിടകം പള്ളി – കുംഭമല റോഡ് 10 ലക്ഷം, എം ഡി എൽ പി സ്കൂൾ പടി –മാമ്മൂട്ടിൽ പടി ആറു ലക്ഷം, കാണിക്കമണ്ഡപം – കുറ്റിശ്ശേരി പടി 10 ലക്ഷം, കുന്നന്താനം പഞ്ചായത്തിലെ വടക്കേപറമ്പിൽ പല്ലാട്ട് പടി റോഡ് അഞ്ചു ലക്ഷം, ആഫ്രിക്കൻ പടി – തട്ടുപാറ എട്ടു ലക്ഷം, കല്ലുങ്കൽ പടി – പന്നിക്കുഴി 10 ലക്ഷം, മുക്കൂർ – കുളക്കരോട്ട് പടി എട്ടു ലക്ഷം, കവിയൂർ പുന്നിലം മേച്ചേരി പടി – കുന്നിൻമേൽ പടി എട്ടു ലക്ഷം, പുളിമല – പഴം പള്ളി റോഡ് അഞ്ചു ലക്ഷം, കുറ്റൂർ പഞ്ചായത്തിലെ പനച്ചമൂട്ടിൽ തൃക്കയിൽ പടി 10 ലക്ഷം, പെരിങ്ങര പഞ്ചായത്തിലെ അക്കമൺ പടി – ചാരുംമൂട്ടിൽ പടി – മണിപ്പുഴ 10 ലക്ഷം, കളത്തിപറമ്പ്– കരീ പറമ്പ് നാലു ലക്ഷം, കയറ്റു തറപ്പടി – മണ്ണൂച്ചേരി 10 ലക്ഷം.

നിരണം പഞ്ചായത്തിലെ പുരയ്ക്കൽ കലുങ്ക് മുപ്പതിൽ പടി അഞ്ചു ലക്ഷം, മഹാത്മ ഗാന്ധി റോഡ് വൈക്കത്തുശേരി 10 ലക്ഷം, മുളമൂട്ടിൽ പടി പനംപറ്റത്തേത്ത് 10 ലക്ഷം, കിണറ്റുകര പടി മുട്ടേൽ പടി 10 ലക്ഷം, കാക്കനാട്ടു കഴി പാലം തോട്ടുമട 10 ലക്ഷം, നെടുമ്പ്രം പഞ്ചായത്തിലെ ഗണപതി റോഡ് ആറു ലക്ഷം, പുതിയകാവ് – കൊച്ചു വീട്ടിൽ – മംഗലശേരിൽ പടി 10 ലക്ഷം, കടപ്ര പഞ്ചായത്തിലെ തന്നാട്ടുമല വാണിയപുര 10 ലക്ഷം, വിളക്കുപാട്ടത്തിൽ പടി – പരുത്തിക്കൽ പടി 10 ലക്ഷം വെള്ളിക്കര പേരായി കോടത്ത് കടവ് 10 ലക്ഷം.

പി ആർ എഫ് കോളനി കോയിക്കലേത്ത് 10 ലക്ഷം, സി എസ് ഐ പള്ളി ഞക്കനാരിൽ എട്ടു ലക്ഷം, തിരുവല്ല നഗരസഭയിലെ കുളക്കാട് വാഴക്കാല റോഡ് മൂന്നു ലക്ഷം, ചന്തത്തോട് ചാത്തമല കിഴക്കുവശം റോഡ് 10 ലക്ഷം എന്നീ റോഡുകൾക്കാണ് കാലവർഷക്കെടുതി മൂലം ഗതാഗതയോഗ്യം അല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(പിഎൻപി 827/21)

## മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി:

## റാന്നി നിയോജക മണ്ഡലത്തിലെ ഏഴ് റോഡുകൾ പുനരുദ്ധരിക്കുന്നതിന് 70 ലക്ഷം രൂപ അനുവദിച്ചു

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിലെ ഏഴ് റോഡുകൾ പുനരുദ്ധരിക്കുന്നതിന് 70 ലക്ഷം രൂപ അനുവദിച്ചതായി രാജു എബ്രഹാം എംഎൽഎ അറിയിച്ചു. നിയോജക മണ്ഡലത്തിൽ ഇതേ പദ്ധതിയിലുൾപ്പെടുത്തി നേരത്തേ ഫ ് അനുവദിച്ച 89 റോഡുകൾക്ക് പുറമേയാണ് ഇത്. രാജു എബ്രഹാം എംഎൽഎ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീനുമായി നടത്തിയ ചർച്ചയെ തുടർന്നാണ് റോഡുകളുടെ പുനരുദ്ധാരണത്തിന് ഫ ് അനുവദിച്ചിരിക്കുന്നത്.

റോഡുകളുടെ പേരും അവയ്ക്ക് അനുവദിച്ച തുക ബ്രാക്കറ്റിൽ ലക്ഷത്തിലും ചുവടെ കൊടുത്തിരിക്കുന്നു. ചെറുകോൽ പഞ്ചായത്തിലെ പന്തളമുക്ക് – കുടിലുമുക്ക് (10), എഴുമറ്റൂർ പഞ്ചായത്തിലെ കൊറ്റൻകുടി –വാഴക്കാല റോഡ് (10), നാറാണംമൂഴി പഞ്ചായത്തിലെ ചൂരക്കുഴി ഗുരുമന്ദിരം – പ്ലാച്ചേരിപ്പടി റോഡ് (10), നാറാണംമൂഴി പഞ്ചായത്തിലെ വനത്തുമുറി –തെക്കേത്തൊട്ടി– പഞ്ചാര മുക്ക് റോഡ് (10), പഴവങ്ങാടി പഞ്ചായത്തിലെ ഇടമൺ – കോതാനി – ചെങ്ങളം പടി റോഡ് (10), വടശേരിക്കര പഞ്ചായത്തിലെ കൊമ്പനോലി –തെക്കുമല റോഡ് (10), വെച്ചൂച്ചിറ പഞ്ചായത്തിലെ കുംഭിത്തോട് – അരയൻ പാറ റോഡ് (10) എന്നിങ്ങനെയാണ് ഫ ് അനുവദിച്ചിരിക്കുന്നത്.

(പിഎൻപി 828/21)

## സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി 2020: ജില്ലാതല അവാർഡ് വിതരണം നടത്തി

സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിൽ 2020ൽ പത്തനംതിട്ട ജില്ലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച വിദ്യാലയങ്ങൾ, അധ്യാപകർ, വിദ്യാർഥികൾ, പച്ചക്കറി കർഷകർ, ക്ലസ്റ്ററുകൾ, പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി ചെയ്ത സ്ഥാപനങ്ങൾ, ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി, കൃഷി ഉദ്യോഗസ്ഥർ, മട്ടുപ്പാവ് കൃഷി എന്നിവയ്ക്കുള്ള ജില്ലാതല അവാർഡുകൾ വിതരണം ചെയ്തു. അടൂർ

കരുവാറ്റ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാല അവാർഡ് വിതരണത്തിന്റെ ഉദ്ഘാടനം ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിച്ചു.

***ജില്ലാതല അവാർഡ് ജേതാക്കൾ***

മികച്ച കർഷകൻ:- തടിയൂർ തോട്ടാവള്ളിൽ വീട് ടി.ആർ ഗോപകുമാർ (അയിരൂർ കൃഷിഭവൻ, പുല്ലാട് ബ്ലോക്ക്) ഒന്നാം സ്ഥാനവും, സുധി ഭവനം കെ.എസ്.സജി (പ്രമാടം കൃഷിഭവൻ, കോന്നി ബ്ലോക്ക്) ര ാം സ്ഥാനവും, വാളക്കുഴി തൊട്ടിയിൽവീട് തോമസ് ജോൺ (എഴുമറ്റൂർ കൃഷിഭവൻ, പുല്ലാട് ബ്ലോക്ക്) മൂന്നാം സ്ഥാനവും നേടി അവാർഡിന് അർഹരായി.

മികച്ച ക്ലസ്റ്റർ വിഭാഗത്തിൽ തിരുവല്ല ബ്ലോക്കിലെ കടപ്ര ക്ലസ്റ്റർ (കടപ്ര കൃഷിഭവൻ), കോന്നി ബ്ലോക്കിലെ നടുവത്തോടി ക്ലസ്റ്റർ (വള്ളിക്കോട് കൃഷിഭവൻ), പന്തളം ബ്ലോക്കിലെ ഒരിപ്പുറം ക്ലസ്റ്റർ (തെക്കേക്കര കൃഷിഭവൻ) യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനത്തിന് അർഹരായി.

മികച്ച സ്ഥാപനാധിഷ്ഠിത കൃഷി(പബ്ലിക്) വിഭാഗത്തിൽ പന്തളം ബ്ലോക്ക് പോലീസ് സ്റ്റേഷൻ (തോന്നല്ലൂർ കൃഷിഭവൻ), കോന്നി ബ്ലോക്ക് ഗവ. വി.എച്ച്.എസ്.എസ് കൈപ്പട്ടൂർ (വള്ളിക്കോട് കൃഷി ഭവൻ) എന്നീ സ്ഥാപനങ്ങൾ ഒന്നാം സ്ഥാനം പങ്കിട്ടു. സി.എം.എസ്.എൽ.പി.എസ് എണ്ണൂറാംവയൽ (വെച്ചൂച്ചിറ കൃഷിഭവൻ) ര ും, തിരുവല്ല ബ്ലോക്ക് സിഡ്കോ (കടപ്ര കൃഷിഭവൻ) മൂന്നും സ്ഥാനങ്ങൾ നേടി.

മികച്ച സ്ഥാപനാധിഷ്ഠിത കൃഷി (പ്രൈവറ്റ് ) വിഭാഗത്തിൽ തിരുവല്ല ബ്ലോക്കിലെ പരുമല സെമിനാരി (കടപ്ര കൃഷിഭവൻ), വെള്ളപ്പാറ സെന്റ് മേരീസ് കാരുണ്യഭവൻ കോന്നി ബ്ലോക്ക് (പ്രമാടം കൃഷിഭവൻ) എന്നീ സ്ഥാപനങ്ങൾ ഒന്നാം സ്ഥാനവും ചുങ്കപ്പാറ അസീസി സെന്റർ സ്പെഷൽ സ്കൂൾ (കോട്ടാങ്ങൽ കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്), കോന്നി ബ്ലോക്കിലെ വാഴമുട്ടം നാഷണൽ യു.പി സ്കൂൾ (വള്ളിക്കോട് കൃഷിഭവൻ) എന്നിവ യഥാക്രമം ര ും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

മികച്ച കൃഷി അസിസ്റ്റന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനം കെ.എസ്. അനീഷ് (വള്ളിക്കോട് കൃഷിഭവൻ, കോന്നി ബ്ലോക്ക്), ര ാം സ്ഥാനം: പോൾ പി. ജോസഫ്, (അയിരൂർ കൃഷിഭവൻ, പുല്ലാട് ബ്ലോക്ക്), മൂന്നാം സ്ഥാനം: എസ്. അനിൽ, (നെടുമ്പ്രം കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്).

മികച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിഭാഗത്തിൽ ഒന്നാം സ്ഥാനം: റോഷൻ ജോർജ്, (അടൂർ ബ്ലോക്ക്), ര ാം സ്ഥാനം വി.ജെ. റെജി, (തിരുവല്ല ബ്ലോക്ക്), മൂന്നാം സ്ഥാനം: ജിജിമോൾ പി. കുര്യൻ (മല്ലപ്പള്ളി ബ്ലോക്ക്).

മികച്ച കൃഷി ഓഫീസർ വിഭാഗത്തിൽ ഒന്നാംസ്ഥാനം മാത്യു എബ്രഹാം, (എഴുമറ്റൂർ കൃഷിഭവൻ, പുല്ലാട് ബ്ലോക്ക്), ര ാം സ്ഥാനം: എസ്. രഞ്ജിത്ത് കുമാർ, (വള്ളിക്കോട് കൃഷിഭവൻ, കോന്നി ബ്ലോക്ക്), മൂന്നാം സ്ഥാനം: ട്രീസ സെലിൻ ജോസഫ്, (വെച്ചൂച്ചിറ കൃഷിഭവൻ, റാന്നി ബ്ലോക്ക്).

മികച്ച സ്കൂൾ പച്ചക്കറിത്തോട്ടം വിഭാഗത്തിൽ അടൂർ ബ്ലോക്കിലുൾപ്പെട്ട എൻ.എസ്.എൽ.പി.എസ് (അടൂർ കൃഷിഭവൻ), പന്തളം ബ്ലോക്കിലുൾപ്പെട്ട എസ്.എം.എസ്.ഗവ.യു.പി.എസ്(മെഴുവേലി കൃഷിഭവൻ), റാന്നി ബ്ലോക്ക് എസ്.എൻ.ഡി.പി.യു.പി.എസ് തലച്ചിറ (വടശ്ശേരിക്കര കൃഷി ഭവൻ) എന്നിവ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

മികച്ച പ്രധാന അധ്യാപകർ വിഭാഗത്തിൽ (അടൂർ ബ്ലോക്ക്, അടൂർ കൃഷിഭവൻ) എൻ.എസ് എൽ.പി.എസ് അടൂരിലെ എസ്.ആശ, ഗവ.എസ്.എം.എസ്.യുപി.എസിലെ സിന്ധു ഭാസ്കർ (പന്തളം ബ്ലോക്ക്, മെഴുവേലി കൃഷിഭവൻ), എസ്.എൻ.ഡി.പി.യു.പി.എസ് തലച്ചിറയിലെ എ.എസ് സിമിമോൾ (വടശ്ശേരിക്കര കൃഷിഭവൻ, റാന്നി ബ്ലോക്ക്) എന്നിവർ ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി അവാർഡിന് അർഹരായി.

മികച്ച അധ്യാപകൻ/അധ്യാപിക വിഭാഗത്തിൽ കെ.ആർ.അനിതാകുമാരി, എൻ.എസ്.എൽ.പി.എസ് അടൂർ (അടൂർ കൃഷിഭവൻ അടൂർ ബ്ലോക്ക്) ഒന്നാം സ്ഥാനവും, ഐശ്വര്യ സോമൻ, എസ്.എം.എസ്.ഗവ.യു.പി.എസ് ഇലവുംതിട്ട (മെഴുവേലി കൃഷിഭവൻ, പന്തളം ബ്ലോക്ക്) ര ാം സ്ഥാനവും സിസ്റ്റർ റനീറ്റ, എൽ.പി.എസ് കുന്നംപള്ളി (നാറാണംമൂഴി കൃഷിഭവൻ, റാന്നി ബ്ലോക്ക്), കെ.സുനിൽ, ഗവ.എച്ച്.എസ്.എസ് ഇടമുറി (നാറാണംമൂഴി കൃഷിഭവൻ, റാന്നി ബ്ലോക്ക്) എന്നിവർ മൂന്നാം സ്ഥാനവും നേടി.

മികച്ച വിദ്യാർഥി/വിദ്യാർഥിനി വിഭാഗത്തിൽ ഉളനാട് ആഞ്ജനേയം എസ്.ജയലക്ഷ്മി (കുളനട കൃഷിഭവൻ, പന്തളം ബ്ലോക്ക്), കുമ്പളത്താനം പാലക്കാമണ്ണിൽ ജഫിൻ തോമസ് ചാക്കോ (കൊറ്റനാട് കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്), നെടുമ്പ്രം അഖിൽ നിവാസ് അഞ്ചു അനിൽകുമാർ (നെടുമ്പ്രം കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്) എന്നിവർ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി.

ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയിൽ വാളക്കുഴി ഹരിവിഹാർ ഡോ. കണ്ണൻ (എഴുമറ്റൂർ കൃഷിഭവൻ, പുല്ലാട് ബ്ലോക്ക്), പരുത്തിക്കാട്ട് പി. വറുഗീസ്, (നിരണം കൃഷിഭവൻ, തിരുവല്ല

ബ്ലോക്ക്), നിരണം വടക്കുംഭാഗം വലിയപറമ്പിൽ സുജാ ശശി (നിരണം കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്) എന്നിവർ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി അവാർഡിന് അർഹരായി.

മട്ടുപ്പാവ് കൃഷിയിൽ കൈതക്കോടി കോയിക്കൽ വീട് പ്രിയ പി. നായർ (അയിരൂർ കൃഷിഭവൻ, പുല്ലാട് ബ്ലോക്ക്), ഷാൻ നിവാസ് സി.കെ. മണി (കടമ്പനാട് കൃഷിഭവൻ, അടൂർ ബ്ലോക്ക്), കുന്നേൽ ടോണി വില്ല തോമസ് എബ്രഹാം (കടപ്ര കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്) എന്നിവർ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി അവാർഡിന് അർഹരായി.

മികച്ച കൃഷി ഓഫീസർ വിഭാഗത്തിൽ ഒന്നാം സ്ഥാനം: എസ്. ആദില (കൊടുമൺ കൃഷിഭവൻ), ര ാം സ്ഥാനം: കെ.വി ബിനോയ് (കോയിപ്രം കൃഷിഭവൻ), മൂന്നാം സ്ഥാനം: റോണി വർഗീസ് (പള്ളിക്കൽ കൃഷിഭവൻ).

കൃഷി വിജ്ഞാപന ഉദ്യോഗസ്ഥരിലെ മികച്ച കൃഷി അസിസ്റ്റന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനം: വി.വി അനിൽകുമാർ (ഇരവിപേരൂർ കൃഷിഭവൻ), ര ാം സ്ഥാനം: എസ് നിസാമുദ്ദീൻ (തുമ്പമൺ കൃഷിഭവൻ), ഹേമചന്ദ്രൻ (ചെന്നീർക്കര കൃഷിഭവൻ), മൂന്നാം സ്ഥാനം: വി. വിപിൻ കുമാർ (ഏഴംകുളം കൃഷിഭവൻ).

ജൈവ പഞ്ചായത്തുകൾക്കുള്ള അവാർഡ് ഒന്നാം സ്ഥാനം വള്ളിക്കോട് ഗ്രാമപഞ്ചായത്തും ര ാം സ്ഥാനം നാറാണംമൂഴി ഗ്രാമപഞ്ചായത്തും മൂന്നാം സ്ഥാനം കടമ്പനാട് ഗ്രാമപഞ്ചായത്തും സ്വന്തമാക്കി.

വീണാ ജോർജ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ അടൂർ നഗരസഭ ചെയർമാൻ ഡി. സജി അധ്യക്ഷത വഹിച്ചു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. തുളസീധരൻ പിള്ള, വൈസ് പ്രസിഡന്റ് എം.പി. മണിയമ്മ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കുഞ്ഞന്നാമ്മകുഞ്ഞ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) മാത്യു എബ്രഹാം, പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ.എസ്. ഷീബ, കൃഷി അസിസ്റ്റൻഡ് ഡയറക്ടർ റോഷൻ ജോർജ്, മനു ജോർജ് മത്തായി തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 829/21)

## ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്;
## ബജറ്റ് അവതരിപ്പിച്ചു

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ബജറ്റിൽ 28,13,93,812 രൂപ വരവും 27,99,58,700 രൂപ ചെലവും 14,35,112 രൂപ മിച്ചം പ്രതീക്ഷിക്കുന്ന ബജറ്റ് വൈസ് പ്രസിഡന്റ് ഉദയരശ്മി അനിൽകുമാർ അവതരിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി രാജഗോപാലൻ നായർ അധ്യക്ഷനായിരുന്നു. ഐടി മേഖലയ്ക്ക് പ്രാധാന്യം നൽകി തൊഴിൽ സാധ്യത സൃഷ്ടിക്കുന്നതിനായി വർക്ക് നിയർ ഹോം പദ്ധതി ആവിഷ്ക്കരിച്ചു. ഭൂരഹിത ഭവനരഹിതർക്കും ഭവനമില്ലാത്തവർക്കും വസ്തുവും വീടും നൽകുന്നതിനായി സംസ്ഥാന സർക്കാരുമായി സഹകരിച്ച് പദ്ധതി നടപ്പാക്കുന്നു. കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി തരിശു ഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതുവഴി ഉത്പാദന രംഗത്ത് 50 ശതമാനം വർധന പ്രതീക്ഷിക്കുന്നു. ലിഫ്റ്റ് ഇറിഗേഷൻ, തോട് നവീകരണം, കുളങ്ങൾ നവീകരണം തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ക്ഷീരമേഖലയ്ക്ക് ഉണർവ് നൽകാൻ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, വെർമി ബെഡ് പദ്ധതി തുടങ്ങിയവ ഉൾപ്പെടുത്തി.

കുടുംബശ്രീ പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഓരോ വാർഡിലും 10 സംരംഭങ്ങൾ വീതം ഏറ്റെടുത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. അടൂർ താലൂക്കിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളിലൊന്നായ കുന്നിട അഞ്ചുമലപ്പാറ ഉൾപ്പെടുത്തി ഗ്രാമീണ ടൂറിസം പദ്ധതി വഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പഞ്ചായത്തിനു വരുമാന മാർഗ്ഗം സൃഷ്ടിക്കുന്ന പദ്ധതി സംസ്ഥാന സർക്കാരുമായി സഹകരിച്ച് പദ്ധതി ആവിഷ്കരിച്ചു.

(പിഎൻപി 830/21)

## അപേക്ഷ ക്ഷണിച്ചു

പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ സ്ഥിര സമസക്കാരായ പട്ടികജാതി ഗുണഭോക്താക്കൾക്കായി മൃഗസംരക്ഷണവകുപ്പ് പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരമുള്ള ആട് വളർത്തൽ, താറാവ് വളർത്തൽ പദ്ധതികൾക്കായി അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും പത്തനംതിട്ട ജില്ലാ വെറ്ററിനറി കേന്ദ്രവുമായി ബന്ധപ്പെടാം. അപേക്ഷ ലഭിക്കേ അവസാന തീയതി 2021 മാർച്ച ര ്.

(പിഎൻപി 831/21)

## തീറ്റപ്പുൽ കൃഷി പരിശീലനം

ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഈ മാസം 26 ന് രാവിലെ 11 മുതൽ 12 വരെ ഗൂഗിൾമീറ്റ് മുഖേന തീറ്റപ്പുൽ കൃഷി പരിശീലനം നടത്തും. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് താത്പര്യമുള്ളവർ ഈ മാസം 25 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഫോൺ വഴി രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്നവർ വാട്ട്സ്ആപ് ഉള്ള മൊബൈൽ നമ്പർ കൂടി നൽകണം. ഫോൺ: 0476-2698550

(പിഎൻപി 832/21)

## അഗ്രികൾചറൽ ടെക്നീഷ്യൻ തസ്തികയിൽ താത്കാലിക നിയമനം

എനാദിമംഗലം കൃഷി ഭവനു കീഴിൽ പ്രവർത്തിക്കുന്ന മഹാത്മാ കാർഷിക കർമസേനയിൽ അഗ്രികൾചറൽ ടെക്നീഷ്യൻ തസ്തികയിൽ താത്കാലിക നിയമനത്തിനായി കാർഷിക പ്രവർത്തികളിൽ താത്പര്യമുള്ള 18 നും 55 നും മധ്യേ പ്രായമുള്ളതായ യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം വയസ്, ജാതി ,വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. ഏനാദിമംഗലം പഞ്ചായത്തിലെ സ്ഥിര താമസകാരനാണെന്ന് തെളിയിക്കുന്ന ആധാർ, റേഷൻ കാർഡ് എന്നിവയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണം.അപേക്ഷ നൽകേ അവസാന തീയതി 2021 മാർച്ച് ഒന്നിന് പകൽ 4.30 നകം.

(പിഎൻപി 833/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഫെബ്രുവരി 24

**February 24**

**2021**

**1196 കുംഭം 12 ബുധൻ**

# പത്രക്കുറിപ്പ്-2



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


---

**നിയമസഭ തെരഞ്ഞെടുപ്പ്; പത്തനംതിട്ട ജില്ലയിൽ**
**10,36,488 വോട്ടർമാർ**

കേരള നിയമസഭ തെരഞ്ഞെടുപ്പിനു മുന്നോടിയായി ജനുവരി 20 ന് പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക പ്രകാരം പത്തനംതിട്ട ജില്ലയിൽ 10,36,488 വോട്ടർമാർ. ജില്ലയിലെ അഞ്ച് നിയോജക മണ്ഡലങ്ങളിൽ നിന്നായി 5,44,965 സ്ത്രീകളും 4,91,519 പുരുഷൻമാരും നാല് ട്രാൻസ്ജൻഡറുകളും പട്ടികയിൽ ഉൾപ്പെടുന്നു.

ആറന്മുള നിയോജക മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ വോട്ടർമാരുള്ളത്. റാന്നി നിയോജക മണ്ഡലത്തിൽ ഏറ്റവും കുറവും.

ആറന്മുളയിൽ 1,22,960 സ്ത്രീകളും 1,10,404 പുരുഷന്മാരും ഒരു ട്രാൻസ്ജൻഡറും ഉൾപ്പടെ 2,33,365 വോട്ടർമാരാണുള്ളത്.

തിരുവല്ല നിയോജക മണ്ഡലത്തിൽ 1,09,218 സ്ത്രീകളും 99,490 പുരുഷൻമാരും ഉൾപ്പടെ 2,08,708 വോട്ടർമാരും, അടൂർ നിയോജക മണ്ഡലത്തിൽ 1,08,567 സ്ത്രീകളും 95,168 പുരുഷൻമാരും ര ് ട്രാൻസ്ജൻഡർ വോട്ടർമാരും ഉൾപ്പെടെ 2,0,3737 വോട്ടർമാരും ഉ ്.

കോന്നി നിയോജക മണ്ഡലത്തിൽ 1,05,769 സ്ത്രീകളും 94,441 പുരുഷൻമാരും ഉൾപ്പടെ 2,00,210 വോട്ടർമാരും റാന്നി നിയോജക മണ്ഡലത്തിൽ 98,451 സ്ത്രീകളും 92,016 പുരുഷൻമാരും ഒരു ട്രാൻസ്ജൻഡറും ഉൾപ്പെടെ 1,90,468 വോട്ടർമാരുമാണ് നിലവിലുള്ളത്.

തെരഞ്ഞെടുപ്പ് നോമിനേഷൻ സമർപ്പിക്കേ അവസാന തീയതിലാകും അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

നിലവിൽ ജില്ലയിൽ 80 വയസിന് മുകളിലുള്ള 38,692 പേരും, 2250 പ്രവാസികളും, അംഗപരിമിതരായ 12,586 പേരും പട്ടികയിൽ ഉൾപ്പെടുന്നു.

വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാനുള്ളവർക്കും, പേര് ഒഴിവാക്കാനുള്ളവർക്കും തിരുത്തലുകൾ വരുത്താനുള്ളവർക്കും ഇപ്പോൾ www.nvsp.in എന്ന വൈബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാം.

(പിഎൻപി 834/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

**PRD LIVE**
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും **PRD LIVE** ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും **PRD LIVE**
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഫെബ്രുവരി 24<br>**February 24** | **2021** |
|---|---|

**1196 കുംഭം 12 ബുധൻ**

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

## ജില്ലാ വികസന സമിതി യോഗം മാർച്ച് ഒന്നിലേക്കു മാറ്റി

ജില്ലാ വികസന സമിതി യോഗം മാർച്ച് ഒന്നിനു രാവിലെ 11ന് ഓൺലൈനായി ചേരുമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു. ഫെബ്രുവരി 27ന് രാവിലെ 11ന് നിശ്ചയിച്ചിരുന്ന ജില്ലാ വികസന സമിതി യോഗം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗം ഇതേസമയത്തു നടക്കുന്ന സാഹചര്യത്തിലാണ് മാറ്റിയത്. ജില്ലാതല ഉദ്യോഗസ്ഥർ തന്നെ യോഗത്തിൽ പങ്കെടുക്കണം. (പിഎൻപി 835/21)

## ചേത്തയ്ക്കൽ – കൂത്താട്ടുകുളം റോഡ് ഉദ്ഘാടനം ചെയ്തു

അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിച്ച ചേത്തയ്ക്കൽ – കൂത്താട്ടുകുളം റോഡ് രാജു എബ്രഹാം എംഎൽഎ ഉദ്ഘാടനം ചെയ്തു. റോഡ് ബിഎംബിസി നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിനായി ഏഴു കോടി രൂപയാണ് ചിലവഴിച്ചത്. എസ്. രമാദേവി അധ്യക്ഷയായി. സിറിയക് തോമസ്, രേണുകാ മുരളീധരൻ, പി.ജി. പ്രസാദ്, കെ.കെ. പ്രഹ്ലാദൻ, ജയൻ മടന്തമൺ, സരിത ആശിഷ് എന്നിവർ സംസാരിച്ചു. (പിഎൻപി 836/21)

## ഇലക്ഷൻ ഡ്യൂട്ടിയിൽ പങ്കെടുക്കേ വർക്കുള്ള കോവിഡ് വാക്സിനേഷൻ ആരംഭിച്ചു

ഇലക്ഷൻ ഡ്യൂട്ടിയിൽ പങ്കെടുക്കേ ി വരുന്ന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള വാക്സിനേഷൻ ജില്ലയിൽ ആരംഭിച്ചു. ഇതിനായി 16250 പേരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി. 50 വാക്സിനേഷൻ കേന്ദ്രങ്ങളാണ് ഇതിനായി സജ്ജീകരിച്ചിട്ടുള്ളത്. സ്പാർക്കിൽ നിന്നും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചാണ് രജിസ്ട്രേഷൻ നടത്തുന്നത്. ആരോഗ്യ പ്രവർത്തകർക്കുള്ള വാക്സിൻ വിതരണത്തിന്റെ ര ാംഘട്ടവും മുൻ നിരപ്രവർത്തകർക്കുള്ള വാക്സിൻ വിതരണത്തിന്റെ ഒന്നാംഘട്ടവും നടന്നു വരുന്നതായി ആർ.സി.എച്ച്.ഓഫീസർ ഡോ.ആർ സന്തോഷ് കുമാർ അറിയിച്ചു. (പിഎൻപി 837/21)

## ശിശു ക്ഷേമ സമിതി യോഗം മാർച്ച് മൂന്നിന്

ജില്ലാ ശിശു ക്ഷേമ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം മാര്‍ച്ച് മൂന്നിന് രാവിലെ 10.30 ന് പത്തനംതിട്ട ജില്ലാ കളക്ടറുടെ അധ്യക്ഷതയില്‍ കളക്ടറേറ്റില്‍ ചേരുമെന്ന് ജില്ലാ ശിശു ക്ഷേമ സമിതി സെക്രട്ടറി അറിയിച്ചു. (പിഎന്‍പി 838/21)

## ഡി.സി.എ (എസ്) കോഴ്സിന് അപേക്ഷ ക്ഷണിച്ചു

എല്‍.ബി.എസ് സെന്റര്‍ ഫോര്‍ സയന്‍സ് ആന്‍ഡ് ടെക്നോളജിയുടെ അടൂര്‍ സബ് സെന്ററില്‍ ആരംഭിക്കുന്ന പ്ലസ് ടു പാസായവര്‍ക്ക് ആറു മാസം ദൈര്‍ഘ്യമുള്ള ഡി.സി.എ (എസ്) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.സി/ എസ്.ടി/ഒ.ഇ.സി കുട്ടികള്‍ ഫീസ് അടയ്ക്ക . കൂടുതല്‍ വിവരങ്ങള്‍ക്ക് ഓഫീസുമായി നേരിട്ടോ 9947123177 എന്ന നമ്പരിലോ ബന്ധപ്പെടാം.

(പിഎന്‍പി 839/21)

## മൈലപ്ര ഗ്രാമപഞ്ചായത്ത് ബജറ്റ് അവതരിപ്പിച്ചു

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വര്‍ഷത്തേയ്ക്കുള്ള ബജറ്റ് വൈസ്പ്രസിഡന്റ് മാത്യു വര്‍ഗീസ് അവതരിപ്പിച്ചു. 7,66,73,000 (ഏഴുകോടി അറുപത്തിയാറുലക്ഷത്തി എഴുപത്തിമൂവായിരം) രൂപ വരവും 7,66,17,500 (ഏഴുകോടി അറുപത്തിയാറുലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ് ) രൂപ ചെലവും 9,23,377 (ഒന്‍പതുലക്ഷത്തി ഇരുപത്തിമൂവായിരത്തി മുന്നൂറ്റി എഴുപത്തിയേഴ്) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചത്. മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ബജറ്റ് ലക്ഷ്യമിടുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ജലജീവന്‍ മിഷനുമായി ചേര്‍ന്ന് 10,00,000 (പത്തുലക്ഷം ) രൂപ ഉള്‍പ്പെടുത്തിയുള്ള പദ്ധതികള്‍ വിഭാവനം ചെയ്തിട്ടു ്. പാര്‍പ്പിട പ്രശ്നം പരിഹരിയ്ക്കുന്നതിനായി ലൈഫ്മിഷന്‍ പദ്ധതിയുമായി ബന്ധപ്പെട്ട് ജനറല്‍ വിഭാഗത്തില്‍ 28,01,200 (ഇരുപത്തിയെട്ടുലക്ഷത്തി ആയിരത്തി ഇരുന്നൂറ്) രൂപയും പട്ടികജാതി വിഭാഗത്തിനായി 26,60,000(ഇരുപത്തിയാറു ലക്ഷത്തി അറുപതിനായിരം) രൂപയും വകയിരുത്തിയിട്ടു ്. മറ്റ് ഭവന നിര്‍മാണ പദ്ധതികള്‍ക്കായി ഗണ്യമായ തുക വകയിരുത്തിയിട്ടു ്.

ശുചിത്വ മാലിന്യ സംസ്കരണ പരിപാടികള്‍ക്കായി 43,75,000/ (നാല്‍പ്പത്തിമൂന്നു ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപയ്ക്കുള്ള പദ്ധതികള്‍ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടു ്. സമഗ്ര കാര്‍ഷിക വികസനം, ഭിന്ന ശേഷിക്കാര്‍ക്കുള്ള സ്കോളര്‍ഷിപ്പ് നല്‍കല്‍, കോവിഡ് പ്രതിരോധം, മണ്ണ് സംരക്ഷണം, ദുരന്ത നിവാരണം, യുവജന ക്ഷേമം, വനിതാ വികസനവും സമഗ്ര കാര്‍ഷിക വികസനവും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയുള്ള കാര്‍ഷിക വികസനം എന്നിവ ബജറ്റ് ലക്ഷ്യമിടുന്നു. അജൈവ മാലിന്യ ശേഖരണ സംവിധാനം (എം.സി.എഫ്.) പൂര്‍ണമായും നടപ്പാക്കുന്നതിനുള്ള നടപടികള്‍ പൂര്‍ത്തീകരിക്കുന്നതിന് ഗണ്യമായ പരിഗണന നല്‍കിയിട്ടു ്.

(പിഎന്‍പി 840/21)

## അംശദായം ഒഴിവാക്കി

കോവിഡ് 19 പ്രതിസന്ധി മൂലം പൊതുഗതാഗത മേഖലയില്‍ തൊഴില്‍ നഷ്ടവും സാമ്പത്തിക പ്രതിസന്ധിയും നിലവിലും തുടരുന്ന സാഹചര്യത്തില്‍ കേരള മോട്ടോര്‍ തൊഴിലാളി ക്ഷേമനിധി പദ്ധതി/ കേരള ഓട്ടോ വര്‍ക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയില്‍ അംഗങ്ങളായ തൊഴിലാളിക്ക് ഉടമ/തൊഴിലാളി 2020 അംശദായം 2021 ഒക്ടോബര്‍ മുതല്‍ മാര്‍ച്ച് വരെ പൂര്‍ണമായി ഒഴിവാക്കി നല്‍കിയതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസര്‍ അറിയിച്ചു. (പിഎന്‍പി 841/21)

## അക്കൗ ് മാറ്റണം

വള്ളിക്കോട് ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ ഗുണഭോക്താക്കളില്‍ ജനപ്രിയ ബാങ്ക് അക്കൗ ് ഉള്ളവര്‍ മുടക്കംകൂടാതെ പെന്‍ഷന്‍ ലഭിക്കുന്നതിന് തങ്ങളുടെ ബാങ്ക് അക്കൗ ുകള്‍ പി.എം.ജെ.ഡി.വൈ /നോര്‍മല്‍ അക്കൗ ് മോഡിലേക്ക് മാറ്റുന്നതിന് ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കണമെന്ന് വള്ളിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഫോണ്‍ : 04682 350229.

(പിഎന്‍പി 842/21)

## ഇന്‍സ്ട്രക്ടര്‍ ഒഴിവ്

ചെന്നീര്‍ക്കര ഗവ.ഐ.ടി.ഐ.യില്‍ ഇലക്ട്രീഷ്യന്‍ ട്രേഡില്‍ ഇന്‍സ്ട്രക്ടറുടെ (ഗസ്റ്റ്) ഒരു ഒഴിവു ്. ബന്ധപ്പെട്ട ട്രേഡില്‍ ഐ.ടിഐ./ഡിഗ്രി/ഡിപ്ലോമയും പ്രവൃത്തി പരിചയവുമുള്ളവര്‍ ഈ മാസം 26 ന് രാവിലെ 11 ന് ഇന്റര്‍വ്യൂവിന് അസല്‍ സര്‍ട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകര്‍പ്പുകളും സഹിതം ചെന്നീര്‍ക്കര ഐ.ടി.ഐ.യില്‍ ഹാജരാകണം.ഫോണ്‍: 0468 2258710, വെബ്സൈറ്റ് : www.itichenneerkara.kerala.gov.in. (പിഎന്‍പി 843/21)

**ഫോട്ടോ അടിക്കുറിപ്പ്- ചേത്തയ്ക്കൽ റോഡ്-**

അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിച്ച ചേത്തയ്ക്കൽ - കൂത്താട്ടുകുളം റോഡ് രാജു എബ്രഹാം എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.



# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

ഫെബ്രുവരി 24

**February 24**

**2021**

**1196 കുംഭം 12 ബുധൻ**

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


## യുവകേരളം: വാഹന പ്രചാരണ പരിപാടിക്ക് ജില്ലയിൽ തുടക്കമായി

കുടുംബശ്രീയുടെ യുവകേരളം പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച വിവര വിദ്യാഭ്യാസ ആശയം പങ്കു വയ്ക്കുന്ന വാഹന പ്രചാരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ നിർവഹിച്ചു. യുവകേരളം പദ്ധതിയിൽ നഗരഗ്രാമ വിത്യാസമില്ലാതെ 18 നും 35 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് സൗജന്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കും. യൂണിഫോം, പുസ്തകങ്ങൾ, മറ്റ് പഠനോപകരണങ്ങൾ, താമസം എന്നിവ സൗജന്യമായിരിക്കും. അക്കൗ ിംഗ്, മെഡിക്കൽ, സെയിൽസ്, മാർക്കറ്റിംഗ്, സോഫ്റ്റ്വെയർ, കൺസ്ട്രക്ഷൻ, കമ്പ്യൂട്ടർ ഹാർഡ് വെയർ, ഓട്ടോമൊബൈൽ ടെക്നീഷ്യൻ, ഫുഡ്& ബിവറേജസ്/ ഹോസ്പിറ്റാലിറ്റി, ബാങ്കിംഗ് & ഫിനാൻസ്, ഇലക്ട്രീഷ്യൻ / ടെക്നീഷ്യൻ എന്നീ മേഖലകളിലാണ് മികച്ച പഠനാന്തരീക്ഷവും പ്രഗത്ഭരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്നത്. മൂന്നുമുതൽ 12 മാസം വരെ ദൈർഘ്യമുള്ള കോഴ്സുകളാണ് ഇത്തരത്തിൽ നടക്കുക. ആധുനിക സൗകര്യങ്ങളോടുകൂടിയ മികച്ച ലാബുകൾ, പ്രധാന വിഷയത്തിനു പുറമേ കമ്പ്യൂട്ടർ, ഇംഗ്ലീഷ്, വ്യക്തത്വ വികസനം എന്നിവയും പരിശീലനത്തിൽ ഉൾപ്പെടും.

വാഹന പ്രചരണ പരിപാടി പത്തനംതിട്ട ജില്ലയിലെ ഗ്രാമ നഗര പ്രദേശങ്ങളിൽ ഇന്നും(25) നാളെയും(26) നടക്കും. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എ. മണികണ്ഠൻ, അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരായ എൽ. ഷീല, കെ.എച്ച്.സലീന, ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. (പിഎൻപി 844/21)

## വുമൺ സിവിൽ എക്സൈസ് ഓഫീസർ: ഒറ്റത്തവണ പ്രമാണ പരിശോധന

പത്തനംതിട്ട ജില്ലയിൽ എക്സൈസ് വകുപ്പിൽ വുമൺ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 501/17), തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടിയ ഉദ്യോഗാർഥികൾക്കായുള്ള ഒറ്റത്തവണ പ്രമാണ പരിശോധന മാർച്ച് മൂന്ന്, നാല്, അഞ്ച് തീയതികളിൽ രാവിലെ 10 ന് പത്തനംതിട്ട ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ തങ്ങളുടെ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ, സംവരണാനുകൂല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനുശേഷം അസൽ രേഖകൾ സഹിതം അന്നേ ദിവസം

കൃത്യ സമയത്ത് പത്തനംതിട്ട ജില്ലാ പി.എസ്.സി ഓഫീസിലോ ഉദ്യോഗാർഥിക്ക് സൗകര്യപ്രദമായ ഏതെങ്കിലും ജില്ലാ പി.എസ്.സി ഓഫീസിലോ വെരിഫിക്കേഷന് ഹാജരാകണം. ഉദ്യോഗാർഥികൾക്ക് എസ് എംഎസ്, പ്രൊഫൈൽ മെസേജ് എന്നിവ നൽകിയിട്ടു ്. കൂടുതൽ വിവരങ്ങൾക്ക് പത്തനംതിട്ട ജില്ലാ പി.എസ്.സി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0468 –2222665. വെബ് സൈറ്റ് : ംംം.സലൃമഹമുരെ.ഴീ.ശി ഋാമശഹ റീുമ.േ ലൃമഹമ.ഴീ.ശി. (പിഎൻപി 845/21)

## ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ അക്കൗ ്മാറണം

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ ബാങ്ക് വഴി പെൻഷൻ കൈപ്പറ്റുന്ന സീറോ ബാലൻസ് അക്കൗ ുള്ള എല്ലാ സാമൂഹിക പെൻഷൻ ഗുണഭോക്താക്കളും അവരവരുടെ ബാങ്ക് ശാഖയുമായി ബന്ധപ്പെട്ട് അക്കൗ ് തരം സാധാരണ അക്കൗ ിലേക്ക് മാറ്റണമെന്ന് ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. (പിഎൻപി 846/21)

**ഫോട്ടോ അടിക്കുറിപ്പ്– കുടുംബശ്രീ–**

കുടുംബശ്രീ യുവകേരളം പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച വാഹനപ്രചാരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ നിർവഹിക്കുന്നു.




# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

ഫെബ്രുവരി 24

**February 24** **2021**

**1196 കുംഭം 12 ബുധൻ**

# പത്രക്കുറിപ്പ്-5

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


## ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കേരളം രാജ്യത്തിന് മാതൃക- മന്ത്രി എ.സി. മൊയ്തീൻ

ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ ജനകീയ വിദ്യാഭ്യാസ ബോധവൽക്ക രണത്തിലൂടെ രാജ്യത്തിന് മാതൃക സൃഷ്ടിക്കാൻ കേരളത്തിനു സാധിച്ചതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. മാലിന്യം അലക്ഷ്യമായി വലിച്ചെറിയാനുള്ളതല്ല അതു മൂല്യമുള്ളതാണെന്ന ബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ര ാംഘട്ടത്തിൽ 202 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശുചിത്വപദവി പ്രഖ്യാപനവും 50 വഴിയിടം ടേക് എ ബ്രേക് ശുചിമുറികൾ ഉൾപ്പെടെയുള്ള വഴിയോര വിശ്രമകേന്ദ്രങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളംമിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, മഹാത്മാഗാന്ധി തൊഴിലുറപ്പ് മിഷൻ, അയ്യങ്കാളി തൊഴിലുറപ്പ് മിഷൻ, കുടുംബശ്രീ എന്നിവയുടെ സംയുക്ത പ്രവർത്തനമായാണ് ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ച 589 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമേ ഇപ്പോൾ 202 സ്ഥാപനങ്ങൾ കൂടി ശുചിത്വ പദവി കൈവരിച്ചത്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണ രംഗത്ത് നൂതന സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വ്യത്യസ്തമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പാക്കാ നായതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഹരിതകേരളം മിഷൻ എക്സിക്യുട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശാരദാമുരളീധരൻ റിപ്പോർട്ട് അവതരിപ്പിച്ചു. ശുചിത്വമിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ ഡോ.രേണുരാജ്, കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, ക്ലീൻ കേരള കമ്പനി ഡയറക്ടർ പി.കേശവൻ നായർ തുടങ്ങിയവർ സംസാരിച്ചു. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ ഡോ.പി.കെ.ജയശ്രീ, ഗ്രാമ വികസന കമ്മീഷണർ വി.ആർ.വിനോദ്, കുടുംബശ്രീ മിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ ഡോ. ദിവ്യ എസ്.അയ്യർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 847/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഫെബ്രുവരി 24

**February 24** **2021**

**1196** കുംഭം 12 ബുധൻ

# പത്രക്കുറിപ്പ്-6

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


## പത്തനംതിട്ട ജില്ലയിലെ പുതിയ ക    യ്ൻമെന്റ് സോണുകൾ

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 13ൽ (മുകളുവിളയിൽ ഭാഗം) ക    യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിച്ചു. തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് വാർഡ് അഞ്ച് (പമ്പ് ഹൗസ് അമ്പഴക്കുന്ന് പടി ഭാഗം മുതൽ താവച്ചേരിപ്പടി വരെ) എന്നീ പ്രദേശങ്ങളിൽ ഫെബ്രുവരി 24 മുതൽ ഏഴു ദിവസത്തേക്ക് ക    യ്ൻമെന്റ് സോൺ നിയന്ത്രണം.

രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നതു കണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ ക    യ്ൻമെന്റ് സോണുകൾ പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ ഡോ. നരസിംഹുഗാരി റ്റി.എൽ റെഡ്ഡി പ്രഖ്യാപിച്ചത്. (പിഎൻപി 847/21)

## ക    യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി

നിരണം ഗ്രാമപഞ്ചായത്ത് വാർഡ് നാല്, എട്ട് (ക    ൻകാളി മുതൽ കാട്ടുപറമ്പിൽ റോഡ് വരെ),ഏറത്ത് ഗ്രാമപഞ്ചായത്ത് വാർഡ് 17 (മണക്കാല ഊരിലേത്ത് കോളനി) എന്നീ പ്രദേശങ്ങളെ ഫെബ്രുവരി 25 മുതൽ ക    യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടർ ഡോ. നരസിംഹുഗാരി റ്റി.എൽ. റെഡ്ഡി ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ച ക    യ്ൻമെന്റ് സോൺ നിയന്ത്രണം അവസാനിക്കുന്ന സാഹചര്യത്തിലും, ക    യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഒഴിവാക്കി ഉത്തരവായത്.

(പിഎൻപി 848/21)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

## പത്തനംതിട്ട ജില്ല
## കോവിഡ്19 കൺട്രോൾ സെൽ ബുള്ളറ്റിൻ
## തീയതി. 24.02.2021

..............................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന് 512 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 10 പേർ വിദേശത്ത് നിന്ന് വന്നവരും, എട്ടു പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നതും, 494 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്കപശ്ചാത്തലം വ്യക്തമല്ലാത്ത 28 പേരു ്.

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്:

ക്രമ നമ്പർ, തദ്ദേശസ്വയംഭരണ സ്ഥാപനം,

രോഗബാധിതരായവരുടെ എണ്ണം എന്ന ക്രമത്തിൽ:

1.അടൂർ
(പറക്കോട്, മൂന്നാളം, കണ്ണംകോട്, പന്നിവിഴ, കരുവാറ്റ, ആനന്ദപ്പള്ളി, അടൂർ) 40

2.പന്തളം
(കടയ്ക്കാട്, തോട്ടക്കോണം, തോന്നല്ലൂർ, മുടിയൂർകോണം, കുരമ്പാല, പൂഴിക്കാട്) 16

3.പത്തനംതിട്ട
(കുമ്പഴ, കുലശേഖരപതി, പേട്ട, വലഞ്ചുഴി, മു ുകോട്ടയ്ക്കൽ, അഴൂർ, മാക്കാംകുന്ന്) 24

4.തിരുവല്ല
(മഞ്ഞാടി, തിരുവല്ല, കുറ്റപ്പുഴ, ചുമത്ര) 11

5.ആനിക്കാട്
(ആനിക്കാട്, പുന്നവേലി) 5

6.ആറന്മുള
(കിടങ്ങന്നൂർ, നീർവിളാകം, ആറന്മുള) 5

7.അരുവാപ്പുലം
(ഐരവൺ, അരുവാപ്പുലം) 4

8.അയിരൂർ
(തേക്കുങ്കൽ, തടിയൂർ, കോട്ടൂർ, കൊട്ടാത്തൂർ, ഇടപ്പാവൂർ) 14

9.ചെന്നീർക്കര
(പ്രക്കാനം, ഊന്നുകൽ, ചെന്നീർക്കര) 3
10. ചെറുകോൽ
(കീക്കൊഴൂർ, വയലത്തല, ചെറുകോൽ) 3
11. ചിറ്റാർ
(നീലിപിലാവ്, ചിറ്റാർ) 6
12. ഏറത്ത്
(മണക്കാല, വടക്കടത്തുകാവ്, വെള്ളക്കുളങ്ങര) 20
13. ഇലന്തൂർ
(ഇലന്തൂർ) 7
14. ഏനാദിമംഗലം
(മാരൂർ, ചായലോട്, പുതംങ്കര, കുറുമ്പകര, മങ്ങാട്, ഇളമണ്ണൂർ) 19
15. ഇരവിപേരൂർ
(നെല്ലിമല, വള്ളംകുളം) 9
16. ഏഴംകുളം
(അറുകാലിയ്ക്കൽ, ഏഴംകുളം, തേപ്പുപാറ, ഏനാത്ത്, വയല, നെടുമൺ) 33
17. എഴുമറ്റൂർ
(തെള്ളിയൂർ, എഴുമറ്റൂർ) 5
18. കടമ്പനാട്
(കടമ്പനാട് നോർത്ത്, കടമ്പനാട്) 13
19. കടപ്ര
(പരുമല) 3
20. കലഞ്ഞൂർ
(കാരയ്ക്കകുഴി, നിരത്തുപാറ, നെടുമൺകാവ്, കലഞ്ഞൂർ കൂടൽ) 13
21. കവിയൂർ
(കവിയൂർ, കോട്ടൂർ) 4
22. കൊടുമൺ
(ചന്ദനപ്പള്ളി, അങ്ങാടിക്കൽ സൗത്ത്, കൊടുമൺ, ഐക്കാട്) 10
23. കോയിപ്രം
(കോയിപ്രം, കുന്നത്തുംകര, കുമ്പനാട്) 4
24. കോന്നി
(അട്ടച്ചായ്ക്കൽ മങ്ങാരം, വകയാർ, എലിയറയ്ക്കൽ, കോന്നി) 13
25. കൊറ്റനാട്

(കൊറ്റനാട്) 7
26. കോട്ടാങ്ങൽ
(വായ്പ്പൂർ, പാടിമൺ, ചുങ്കപ്പാറ) 6
27. കോഴഞ്ചേരി
(കോഴഞ്ചേരി) 2
28. കുളനട
(പനങ്ങാട്, കുളനട) 2
29. കുന്നന്താനം
(മുക്കൂർ, കുന്നന്താനം) 8
30. കുറ്റൂർ
(വെസ്റ്റ് ഓതറ, കുറ്റൂർ) 5
31. മലയാലപ്പുഴ 1
32. മല്ലപ്പള്ളി
(തുരുത്തിക്കാട്, മല്ലപ്പള്ളി നോർത്ത്, മല്ലപ്പള്ളി) 16
33. മല്ലപ്പുഴശ്ശേരി
(നെല്ലിയ്ക്കാല, കാരംവേലി, പുന്നയ്ക്കാട്, കുഴിക്കാല) 16
34. മെഴുവേലി
(കാരിത്തോട്ട, മെഴുവേലി, ഇലവുംതിട്ട) 9
35. മൈലപ്ര
(മൈലപ്ര, മണ്ണാറകുളഞ്ഞി) 3
36. നാറാണംമൂഴി
(അത്തിക്കയം, അടിച്ചിപ്പുഴ, കുടമുരുട്ടി, തോമ്പിക്ക ം) 6
37. നാരങ്ങാനം
(കടമ്മനിട്ട, നാരങ്ങാനം) 3
38. നെടുമ്പ്രം
(നെടുമ്പ്രം) 3
39. നിരണം 1
40. ഓമല്ലൂർ
(മഞ്ഞിനിക്കര, വാഴമുട്ടം, നടുവത്തുകാവ്, ആറ്ററികം, ഓമല്ലൂർ) 9
41. പള്ളിക്കൽ
(മു പ്പള്ളി, തെങ്ങമം, പഴകുളം, തോട്ടുവ, പയ്യനല്ലൂർ, പാറക്കൂട്ടം) 18
42. പന്തളം-തെക്കേക്കര
(ഇടമാലി) 3
43. പെരിങ്ങര

(പെരിങ്ങര)    2
44. പ്രമാടം
(വി-കോട്ടയം, ഇളകൊള്ളൂർ, വെള്ളാപ്പാറ, തെങ്ങുംകാവ്, പൂവൻപാറ, കിഴവള്ളൂർ, മല്ലശ്ശേരി)   23
45. പുറമറ്റം
(പടുതോട്, ചാലാപ്പള്ളി, വെണ്ണിക്കുളം)    7
46. റാന്നി
(തോട്ടമൺ, മന്ദിരം, മൊതിരവയൽ) 4
47. റാന്നി അങ്ങാടി
(പുല്ലുപ്രം, നെല്ലാക്കാമൺ, ഈട്ടിച്ചുവട്, ഉന്നക്കാവ്) 11
48. റാന്നി പഴവങ്ങാടി
(പഴവങ്ങാടി, ഇടമൺ, ചേത്തയ്ക്കൽ, ഐത്തല)    8
49. റാന്നി പെരുനാട്
(റാന്നി-പെരുനാട്)   3
50. സീതത്തോട്
(ആങ്ങമൂഴി, സീതത്തോട്)4
51. തണ്ണിത്തോട്
(തണ്ണിത്തോട്, കരിമാൻതോട്, തേക്കുത്തോട്, എലിമുള്ളുംപ്ലാക്കൽ) 7
52. തോട്ടപ്പുഴശ്ശേരി
(കുറിയന്നൂർ, ചിറയിറമ്പ്) 5
53. വടശ്ശേരിക്കര
(പേഴുംപാറ, മണിയാർ, കുമ്പ്ളാത്താമൺ, തലച്ചിറ, വടശ്ശേരിക്കര) 19
54. വള്ളിക്കോട്
(വള്ളിക്കോട്, കൈപ്പട്ടൂർ, നരിയാപുരം)    14
55. വെച്ചൂച്ചിറ
(മുക്കൂട്ടുത്തറ, വെച്ചൂച്ചിറ) 3

ജില്ലയിൽ ഇതുവരെ ആകെ 55313 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 49780 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.ഇന്ന് ജില്ലയിൽ കോവിഡ്-19 ബാധിതരായ ഒരാളുടെ മരണം റിപ്പോർട്ട് ചെയ്തു. 1)   22.02.2021ന് രോഗബാധ സ്ഥിരീകരിച്ച പന്തളം സ്വദേശി (72) 23.02.2021 ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ

നിമിത്തം മരണമടഞ്ഞു.

ജില്ലയിൽ ഇന്ന് 483 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 50096 ആണ്. പത്തനംതിട്ട ജില്ലക്കാരായ 4882 പേർ രോഗികളായിട്ടു ്. ഇതിൽ 4578 പേർ ജില്ലയിലും, 304 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം:
ക്രമനമ്പർ, ആശുപത്രികൾ /സി.എഫ്.എൽ.റ്റി.സി/ സി.എസ്.എൽ.റ്റി.സി എണ്ണം എന്ന ക്രമത്തിൽ:

| | | |
|---|---|---|
| 1 | ജനറൽ ആശുപത്രി പത്തനംതിട്ട | 2 |
| 2 | ജില്ലാ ആശുപത്രി കോഴഞ്ചേരി | 127 |
| 3 | റാന്നി മേനാംതോട്ടം സി.എസ്.എൽ.റ്റി.സി | 33 |
| 4 | പന്തളം അർച്ചന സി.എഫ്.എൽ.റ്റി.സി | 71 |
| 5 | മുസലിയാർ സി.എസ്.എൽ.റ്റി.സി പത്തനംതിട്ട | 70 |
| 6 | പെരുനാട് കാർമ്മൽ സി.എഫ്.എൽ.റ്റി.സി | 85 |
| 7 | പത്തനംതിട്ട ജിയോ സി.എഫ്.എൽ.റ്റി.സി | 62 |
| 8 | ഇരവിപേരൂർ, യാഹിർ സി.എഫ്.എൽ.റ്റി.സി | 33 |
| 9 | അടൂർ ഗ്രീൻവാലി സി.എഫ്.എൽ.റ്റി.സി | 67 |
| 10 | ആനിക്കാട് സി.എഫ്.എൽ.റ്റി.സി | 11 |
| 11 | പന്തളം-തെക്കേക്കര സി.എഫ്.എൽ.റ്റി.സി | 27 |
| 12 | കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | 4078 |
| 13 | സ്വകാര്യ ആശുപത്രികളിൽ | 133 |
| | ആകെ | 4799 |

ജില്ലയിൽ 10951 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 3589 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3199 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 95 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 62 പേരും ഇതിൽ ഉൾപ്പെടുന്നു.
ആകെ 17739 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ:

സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ:
ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:

1 ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) 192756, 988, 193744.
2 റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) 185925, 385, 186310.
3 റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) 35080, 377, 35457.
4 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.
5 ട്രൂനാറ്റ് പരിശോധന 6353, 28, 6381.
6 സി.ബി.നാറ്റ് പരിശോധന 604, 0, 604.

സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 421203, 1778, 422981.
സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 210407, 2039, 212446.
ആകെ സാമ്പിളുകൾ (സർക്കാർ + സ്വകാര്യം) 631610, 3817, 635427.

ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 3817 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. 3144 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്. ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.19 ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.7 ശതമാനമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 65 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 117കോളുകളും ലഭിച്ചു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 374 കോളുകൾ നടത്തുകയും, നാലു പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30ന് കൂടി. ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ 10 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.

# പത്തനംതിട്ട ജില്ല
## കോവിഡ്-19 കണ്‍ട്രോള്‍ സെല്‍ ബുള്ളറ്റിന്‍
### തീയതി. 24.02.2021

- ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ **10** മണിക്ക് ബഹു.ജില്ലാ കളക്ടറുടെ ചേമ്പറില്‍ കൂടി.
- പത്തനംതിട്ട ജില്ലയില്‍ ഇന്ന് **512** പേര്‍ക്ക് കോവിഡ്-**19** സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരില്‍ **10** പേര്‍ വിദേശത്ത് നിന്ന് വന്നവരും, **8** പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നതും, **494** പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ സമ്പര്‍ക്കപശ്ചാത്തലം വ്യക്തമല്ലാത്ത **28** പേരു ്.
- <u>ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ തിരിച്ചുള്ള കണക്ക്</u>

| ക്രമ നമ്പര്‍ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| **1.** | അടൂര്‍<br>(പറക്കോട്, മൂന്നാളം, കണ്ണംകോട്, പന്നിവിഴ, കരുവാറ്റ, ആനന്ദപ്പള്ളി, അടൂര്‍) | **40** |
| **2.** | പന്തളം<br>(കടയ്ക്കാട്, തോട്ടക്കോണം, തോന്നല്ലൂര്‍, മുടിയൂര്‍കോണം, കുരമ്പാല, പൂഴിക്കാട്) | **16** |
| **3.** | പത്തനംതിട്ട<br>(കുമ്പഴ, കുലശേഖരപതി, പേട്ട, വലഞ്ചുഴി, മു ുകോട്ടയ്ക്കല്‍, അഴൂര്‍, മാക്കാംകുന്ന്) | **24** |
| **4.** | തിരുവല്ല<br>(മഞ്ഞാടി, തിരുവല്ല, കുറ്റപ്പുഴ, ചുമത്ര) | **11** |
| **5.** | ആനിക്കാട്<br>(ആനിക്കാട്, പുന്നവേലി) | **5** |
| **6.** | ആറന്മുള<br>(കിടങ്ങന്നൂര്‍, നീര്‍വിളാകം, ആറന്മുള) | **5** |
| **7.** | അരുവാപ്പുലം<br>(ഐരവണ്‍, അരുവാപ്പുലം) | **4** |
| **8.** | അയിരൂര്‍<br>(തേക്കുങ്കല്‍, തടിയൂര്‍, കോട്ടൂര്‍, കൊട്ടാത്തൂര്‍, ഇടപ്പാവൂര്‍) | **14** |
| **9.** | ചെന്നീര്‍ക്കര<br>(പ്രക്കാനം, ഊന്നുകല്‍, ചെന്നീര്‍ക്കര) | **3** |
| **10.** | ചെറുകോല്‍<br>(കീക്കൊഴൂര്‍, വയലത്തല, ചെറുകോല്‍) | **3** |
| **11.** | ചിറ്റാര്‍<br>(നീലിപിലാവ്, ചിറ്റാര്‍) | **6** |
| **12.** | ഏറത്ത്<br>(മണക്കാല, വടക്കടത്തുകാവ്, വെള്ളക്കുളങ്ങര) | **20** |
| **13.** | ഇലന്തൂര്‍<br>(ഇലന്തൂര്‍) | **7** |
| **14.** | ഏനാദിമംഗലം<br>(മാരൂര്‍, ചായലോട്, പുതംങ്കര, കുറുമ്പകര, മങ്ങാട്, ഇളമണ്ണൂര്‍) | **19** |
| **15.** | ഇരവിപേരൂര്‍<br>(നെല്ലിമല, വള്ളംകുളം) | **9** |
| **16.** | ഏഴംകുളം<br>(അറുകാലിയ്ക്കല്‍, ഏഴംകുളം, തേപ്പുപാറ, ഏനാത്ത്, വയല, നെടുമണ്‍) | **33** |
| **17.** | എഴുമറ്റൂര്‍<br>(തെള്ളിയൂര്‍, എഴുമറ്റൂര്‍) | **5** |
| **18.** | കടമ്പനാട്<br>(കടമ്പനാട് നോര്‍ത്ത്, കടമ്പനാട്) | **13** |
| **19.** | കടപ്ര<br>(പരുമല) | **3** |
| **20.** | കലഞ്ഞൂര്‍<br>(കാരയ്ക്കകുഴി, നിരത്തുപാറ, നെടുമണ്‍കാവ്, കലഞ്ഞൂര്‍ കൂടല്‍) | **13** |

| | | |
|---|---|---|
| **21.** | കവിയൂർ<br>(കവിയൂർ, കോട്ടൂർ) | **4** |
| **22.** | കൊടുമൺ<br>(ചന്ദനപ്പള്ളി, അങ്ങാടിക്കൽ സൗത്ത്, കൊടുമൺ, ഐക്കാട്) | **10** |
| **23.** | കോയിപ്രം<br>(കോയിപ്രം, കുന്നത്തുംകര, കുമ്പനാട്) | **4** |
| **24.** | കോന്നി<br>(അട്ടച്ചായ്ക്കൽ മങ്ങാരം, വകയാർ, എലിയറയ്ക്കൽ, കോന്നി) | **13** |
| **25.** | കൊറ്റനാട്<br>(കൊറ്റനാട്) | **7** |
| **26.** | കോട്ടാങ്ങൽ<br>(വായ്പ്പൂർ, പാടിമൺ, ചുങ്കപ്പാറ) | **6** |
| **27.** | കോഴഞ്ചേരി<br>(കോഴഞ്ചേരി) | **2** |
| **28.** | കുളനട<br>(പനങ്ങാട്, കുളനട) | **2** |
| **29.** | കുന്നന്താനം<br>(മുക്കൂർ, കുന്നന്താനം) | **8** |
| **30.** | കുറ്റൂർ<br>(വെസ്റ്റ് ഓതറ, കുറ്റൂർ) | **5** |
| **31.** | മലയാലപ്പുഴ | **1** |
| **32.** | മല്ലപ്പള്ളി<br>(തുരുത്തിക്കാട്, മല്ലപ്പള്ളി നോർത്ത്, മല്ലപ്പള്ളി) | **16** |
| **33.** | മല്ലപ്പുഴശ്ശേരി<br>(നെല്ലിയ്ക്കാല, കാരംവേലി, പുന്നയ്ക്കാട്, കുഴിക്കാല) | **16** |
| **34.** | മെഴുവേലി<br>(കാരിത്തോട്ട, മെഴുവേലി, ഇലവുംതിട്ട) | **9** |
| **35.** | മൈലപ്ര<br>(മൈലപ്ര, മണ്ണാറകുളഞ്ഞി) | **3** |
| **36.** | നാറാണംമൂഴി<br>(അത്തിക്കയം, അടിച്ചിപ്പുഴ, കുടമുരുട്ടി, തോമ്പിക്ക ം) | **6** |
| **37.** | നാരങ്ങാനം<br>(കടമ്മനിട്ട, നാരങ്ങാനം) | **3** |
| **38.** | നെടുമ്പ്രം<br>(നെടുമ്പ്രം) | **3** |
| **39.** | നിരണം | **1** |
| **40.** | ഓമല്ലൂർ<br>(മഞ്ഞിനിക്കര, വാഴമുട്ടം, നടുവത്തുകാവ്, ആറ്റരികം, ഓമല്ലൂർ) | **9** |
| **41.** | പള്ളിക്കൽ<br>(മു പ്പള്ളി, തെങ്ങമം, പഴകുളം, തോട്ടുവ, പയ്യനല്ലൂർ, പാറക്കൂട്ടം) | **18** |
| **42.** | പന്തളം-തെക്കേക്കര<br>(ഇടമാലി) | **3** |
| **43.** | പെരിങ്ങര<br>(പെരിങ്ങര) | **2** |
| **44.** | പ്രമാടം<br>(വി-കോട്ടയം, ഇളകൊള്ളൂർ, വെള്ളാപ്പാറ, തെങ്ങുംകാവ്, പൂവൻപാറ, കിഴവള്ളൂർ, മല്ലശ്ശേരി) | **23** |
| **45.** | പുറമറ്റം<br>(പടുതോട്, ചാലാപ്പള്ളി, വെണ്ണിക്കുളം) | **7** |
| **46.** | റാന്നി<br>(തോട്ടമൺ, മന്ദിരം, മൊതിരവയൽ) | **4** |
| **47.** | റാന്നി അങ്ങാടി<br>(പുല്ലുപ്രം, നെല്ലാക്കാമൺ, ഈട്ടിച്ചുവട്, ഉന്നക്കാവ്) | **11** |
| **48.** | റാന്നി പഴവങ്ങാടി<br>(പഴവങ്ങാടി, ഇടമൺ, ചേത്തയ്ക്കൽ, ഐത്തല) | **8** |
| **49.** | റാന്നി പെരുനാട്<br>(റാന്നി-പെരുനാട്) | **3** |

| | | |
|---|---|---|
| **50.** | സീതത്തോട്<br>(ആങ്ങമൂഴി, സീതത്തോട്) | **4** |
| **51.** | തണ്ണിത്തോട്<br>(തണ്ണിത്തോട്, കരിമാൻതോട്, തേക്കുത്തോട്, എലിമുള്ളുംപ്ലാക്കൽ) | **7** |
| **52.** | തോട്ടപ്പുഴശ്ശേരി<br>(കുറിയന്നൂർ, ചിറയിറമ്പ്) | **5** |
| **53.** | വടശ്ശേരിക്കര<br>(പേഴുംപാറ, മണിയാർ, കുമ്പ്ളാത്താമൺ, തലച്ചിറ, വടശ്ശേരിക്കര) | **19** |
| **54.** | വള്ളിക്കോട്<br>(വള്ളിക്കോട്, കൈപ്പട്ടൂർ, നരിയാപുരം) | **14** |
| **55.** | വെച്ചൂച്ചിറ<br>(മുക്കൂട്ടുത്തറ, വെച്ചൂച്ചിറ) | **3** |

- ജില്ലയിൽ ഇതുവരെ ആകെ **55313** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ **49780** പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.
- ഇന്ന് ജില്ലയിൽ കോവിഡ്-**19** ബാധിതരായ ഒരാളുടെ മരണം റിപ്പോർട്ട് ചെയ്തു.
    1) **22.02.2021**-ന് രോഗബാധ സ്ഥിരീകരിച്ച പന്തളം സ്വദേശി **(72) 23.02.2021** ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
- ജില്ലയിൽ ഇന്ന് **483** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **50096** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **4882** പേർ രോഗികളായിട്ടു ്. ഇതിൽ **4578** പേർ ജില്ലയിലും, **304** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.
- ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം.

| ക്രമ നമ്പർ | ആശുപത്രികൾ /സി.എഫ്.എൽ.റ്റി.സി/ സി.എസ്.എൽ.റ്റി.സി | എണ്ണം |
|---|---|---|
| **1** | ജനറൽ ആശുപത്രി പത്തനംതിട്ട | **2** |
| **2** | ജില്ലാ ആശുപത്രി കോഴഞ്ചേരി | **127** |
| **3** | റാന്നി മേനാംതോട്ടം സി.എസ്.എൽ.റ്റി.സി | **33** |
| **4** | പന്തളം അർച്ചന സി.എഫ്.എൽ.റ്റി.സി | **71** |
| **5** | മുസലിയാർ സി.എസ്.എൽ.റ്റി.സി പത്തനംതിട്ട | **70** |
| **6** | പെരുനാട് കാർമ്മൽ സി.എഫ്.എൽ.റ്റി.സി | **85** |
| **7** | പത്തനംതിട്ട ജിയോ സി.എഫ്.എൽ.റ്റി.സി | **62** |
| **8** | ഇരവിപേരൂർ, യാഹിർ സി.എഫ്.എൽ.റ്റി.സി | **33** |
| **9** | അടൂർ ഗ്രീൻവാലി സി.എഫ്.എൽ.റ്റി.സി | **67** |
| **10** | ആനിക്കാട് സി.എഫ്.എൽ.റ്റി.സി | **11** |
| **11** | പന്തളം-തെക്കേക്കര സി.എഫ്.എൽ.റ്റി.സി | **27** |
| **12** | കോവിഡ്-**19** ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | **4078** |
| **13** | സ്വകാര്യ ആശുപത്രികളിൽ | **133** |
| | **ആകെ** | **4799** |

- ജില്ലയിൽ **10951** കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **3589** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ **3199** പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **95** പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ **62** പേരും ഇതിൽ ഉൾപ്പെടുന്നു.
- ആകെ **17739** പേർ നിരീക്ഷണത്തിലാണ്.
- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

**സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ**

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| **1** | ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) | **192756** | **988** | **193744** |
| **2** | റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) | **185925** | **385** | **186310** |
| **3** | റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) | **35080** | **377** | **35457** |
| **4** | റാപ്പിഡ് ആന്റിബോഡി പരിശോധന | **485** | **0** | **485** |
| **5** | ട്രൂനാറ്റ് പരിശോധന | **6353** | **28** | **6381** |
| **6** | സി.ബി.നാറ്റ് പരിശോധന | **604** | **0** | **604** |
| **സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 421203 | 1778 | 422981 |
| **സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 210407 | 2039 | 212446 |
| **ആകെ സാമ്പിളുകൾ (സർക്കാർ + സ്വകാര്യം)** | | 631610 | 3817 | 635427 |

- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ **3817** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- **3144** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-**19** മൂലമുള്ള മരണനിരക്ക് **0.19** ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് **8.7** ശതമാനമാണ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ **65** കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ **117**കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **374**കോളുകൾ നടത്തുകയും, **4** പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
- പ്രോഗ്രാം ആഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ആഫീസറുടെ ചേമ്പറിൽ വൈകുന്നേരം **4.30**ന് കൂടി.

**ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)**
**പത്തനംതിട്ട**